**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 278** **12-03-2025 - ൽ മറുപടിയ്ക്ക്**

**നാലുവർഷ ബിരുദ കോഴ്സുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ്,<br>ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | നാലുവർഷ ബിരുദപ്രോഗ്രാം എന്താണെന്നും ഇതിന്റെ സവിശേഷതകൾ എന്തെല്ലാമെന്നും വിശദമാക്കുമോ; ബിരുദപഠനത്തിന് തിരഞ്ഞെടുക്കാവുന്ന പാത്ത്‌വേകൾ ഏതെല്ലാമെന്നറിയിക്കുമോ; വ്യക്തമാക്കുമോ; | (എ) | ബിരുദ പ്രോഗ്രാമിന്റെ മൂന്നുവർഷം വിജയകരമായി പൂർത്തീകരിക്കുമ്പോൾ ബിരുദം നേടാനും നാലാം വർഷം തുടർന്ന് ക്യാപ്സ്റ്റോൺ പ്രൊജക്റ്റ് ഉള്ള ഹോണേഴ്സ് ബിരുദം/ ഹോണേഴ്സ് വിത്ത് റിസർച്ച് ബിരുദം നേടാനും കഴിയുന്ന തരത്തിലുള്ളവയാണ് സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും 2024-25 അദ്ധ്യയന വർഷം മുതൽ ആരംഭിച്ചിട്ടു ള്ള FYUG പ്രോഗ്രാമുകൾ.<br><br>ഡിഗ്രി പഠനത്തിനായി വിവിധ പാത്ത് വേകൾ തിരഞ്ഞെടുക്കാൻ വിദ്യാർത്ഥികൾക്ക് അവസരമുണ്ട്. മേജർ വിത്ത് മൈനർ, സിംഗിൾ മേജർ, ഡബിൾ മേജർ, മേജർ വിത്ത് മൾട്ടിപ്പിൾ മൈനർ, ഇന്റർ ഡിസിപ്ലിനറി മേജർ എന്നിങ്ങനെ വിവിധ പാത്ത് വേകൾ വിദ്യാർത്ഥികൾക്ക് സ്വീകരിക്കാം. ഇത്തരത്തിൽ വിവിധ പാത്ത് വേകളിൽ കൂടി ബിരുദ പഠനം നടത്തുന്ന വിദ്യാർ ത്ഥികൾക്ക് അവരുടെ താല്പര്യപ്രകാര മുള്ള മൈനർ വിഷയങ്ങൾ പാത്ത് വെയുടെ ഭാഗമാക്കാൻ കഴിയും. ഓരോ പാത്ത് വേകൾക്കകത്തും തനിക്കു വേണ്ട ബിരുദഘടന രൂപകല്പന ചെയ്യാനുള്ള സ്വാതന്ത്ര്യം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു. |
| (ബി) | നാലുവർഷ ബിരുദ കോഴ്സുകൾ നടപ്പിൽ വരുത്തിയതിനു ശേഷമുള്ള സ്ഥിതിഗതികൾ വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത കോഴ്സിലെ കുട്ടികളുടെ ആദ്യ സെമസ്റ്റർ പരീക്ഷകൾ നടത്തുകയും അവയുടെ മൂല്യനിർണയം പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | FYUGP യുടെ ഭാഗമായി നടപ്പിലാക്കിയ കോഴ്സുകളും അതിന്റെ സിലബസും വിലയിരുത്തുന്നതിനായി പ്രത്യേക സമിതിയെ നിയോഗിച്ചിട്ടുണ്ട്. കേരളത്തിലെ സർവ്വകലാശാലകൾ നാലുവർഷ ബിരുദ പ്രോഗ്രാമിന്റെ ആദ്യ സെമസ്റ്റർ റിസൾട്ട് ഏകീകരിച്ച അക്കാദമിക-പരീക്ഷ കലണ്ടർ അനുസരിച്ച് എല്ലാ പരീക്ഷകളും പൂർത്തിയാക്കിയ ശേഷം പ്രസിദ്ധീകരിച്ചു. |

| | | | |
|---|---|---|---|
| (സി) | വിദ്യാർത്ഥികൾക്കാവശ്യമായ സ്കിൽ, തൊഴിൽ പരിശീലന കോഴ്സുകൾ ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (സി) | ഉന്നത വിദ്യാഭ്യാസ മേഖലയിലെ നൈപുണ്യ വിടവ് നികത്തുന്നതിനും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഹ്രസ്വകാല വ്യവസായ സംബന്ധിയായ കോഴ്സുകൾ ആരംഭിക്കുന്നതിനും എല്ലാ തലങ്ങളിലെയും ഉന്നത വിദ്യാഭ്യാസത്തിലേക്ക് നൈപുണ്യത്തെ സമന്വയിപ്പിക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നൈപുണ്യ വികസന കോഴ്സുകളും കരിയർ പ്ലാനിംഗും നടത്തുന്നതിനായി Centre for Skill Development Courses and Career Planning (CSDCCP) എന്ന കേന്ദ്രം സ്വയം പര്യാപ്ത രീതിയിൽ ആരംഭിച്ചിട്ടുണ്ട്. ഈ കേന്ദ്രങ്ങൾ വാഗ്ദാനം ചെയ്യുന്ന കോഴ്സുകൾ നിർദ്ദിഷ്ട പ്രാദേശിക/വ്യവസായ ആവശ്യങ്ങൾ നിറവേറ്റുന്നതോടൊപ്പം സാധാരണ വിദ്യാർത്ഥികൾക്കും പൂർവ്വ വിദ്യാർത്ഥികൾക്കും പൊതു ജനങ്ങൾക്കും ആവശ്യമായ വിവിധ തലത്തിലുള്ള നൈപുണി വികസനത്തിനും (Skilling, Up Skilling, reskilling) പ്രത്യേക തൊഴിൽ പരിശീലനത്തിനും സഹായകരമാവുകയും ഇതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള ഉന്നത വിദ്യാഭ്യാസ പരിതസ്ഥിതിക്കും വിദഗ്ധ പ്രൊഫഷണലുകളുടെ വികസനത്തിനും സഹായകമാവുകയും ചെയ്യും. സ്കിൽ കോഴ്സുകളുടെ നടത്തിപ്പിനായി അസാപ് കേരള, ഐ.എച്ച്.ആർ.ഡി, ഐ.സിറ്റി. അക്കാദമി, കെൽട്രോൺ, സി.സി.ഇ.കെ എന്നീ പൊതുമേഖല ഏജൻസികളെ സർക്കാർ എംപാനൽ ചെയ്തിട്ടുണ്ട്. |
| (ഡി) | ഇവർക്കാവശ്യമായ ഓൺലൈൻ കോഴ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (ഡി) | വിദ്യാർത്ഥികൾക്ക് പഠനത്തിനും അധിക പഠനത്തിനും ആവശ്യമായ കോഴ്സുകളും ഓൺലൈൻ വിഭവങ്ങളും ലഭ്യമാക്കുന്നതിനായി SWAYAM/MOOC, NPTEL എന്നീ ഓൺലൈൻ പ്ലാറ്റ്ഫോമുകൾക്ക് പുറമെ സംസ്ഥാനത്ത് centre for e-learning and e-content development രൂപീകരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമിന്റെ ഉദ്ദേശ്യലക്ഷ്യം എന്തെന്ന് വിശദീകരിക്കുമോ? | (ഇ) | ഗവേഷണ താൽപര്യമുള്ള വിദ്യാർത്ഥികൾക്ക് തിരഞ്ഞെടുക്കാൻ കഴിയുന്ന പാത്ത് വേയാണ് ഓണേഴ്സ് വിത്ത് റിസർച്ച്. യു.ജി.സി നിബന്ധനകൾ പ്രകാരം നാലുവർഷ ഓണേഴ്സ് ബിരുദധാരികൾക്ക് നേരിട്ട് പി.എച്ച്.ഡി പ്രവേശനം നേടാവുന്നതാണ്. അവർക്ക് ഒരു വർഷം കൊണ്ട് പി.ജി. പൂർത്തിയാക്കി നെറ്റ് പരീക്ഷ എഴുതുവാനും സാധിക്കും. |

സെക്ഷൻ ഓഫീസർ